**ഭരണഭാഷ - മാതൃഭാഷ**

സാങ്കേതിക വിദ്യാഭ്യാസ
ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com 04712561307

വിഷയം:-വിഷയം:- സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം- ക്ലാർക്ക് തസ്തികയിൽ നിന്ന് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് നല്കിയ ഉദ്യോഗ കയറ്റം/ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് നല്കിയ തസ്തിക മാറ്റം ഉത്തരവുകളിൽ - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്:-

---

ജീവനക്കാര്യം (ഡി) വിഭാഗം

ഇഡി1/9445/2025/ഡിടിഇ തിരുവനന്തപുരം 11-01-2026

---

വായന:- 1) G.O.(Ms) No. 301/68/PD തീയതി 26.09.1968
2) G.O.(P) No. 34/2002/P&ARD തീയതി 09.07.2002.
3) G.O. (Ms) No. 41/2012/P&ARD തീയതി 23.08.2012.
4) നടപടിക്രമം നമ്പർ ED1/29522/17/DTE തീയതി 09.08.2017.
5) നടപടിക്രമം നമ്പർ ED1/29522/17/DTE തീയതി 06.11.2017.
6) നടപടിക്രമം നമ്പർ ED1/29522/17/DTE തീയതി 28.02.2018.
7) നടപടിക്രമം നമ്പർ ED1/29522/17/DTE തീയതി 19.07.2018.
8) നടപടിക്രമം നമ്പർ ED1/29522/17/DTE തീയതി 01.11.2018.
9) നടപടിക്രമം നമ്പർ ED1/29522/17/DTE തീയതി 06.09.2019.
10) നടപടിക്രമം നമ്പർ ED1/29522/17/DTE തീയതി 07.11.2020.
11) നടപടിക്രമം നമ്പർ ED1/29522/17/DTE തീയതി 09.05.2022
12) നടപടിക്രമം നമ്പർ ED1/29522/17/DTE തീയതി 08.11.2022.
13) സർക്കുലർ നമ്പർ EG3/9406/19/DTE തീയതി 04.09.2019.
14) സർക്കാർ കത്ത് നമ്പർ G2/424/2024-HEDN തീയതി 07.02.2025.
15) സർക്കാർ കത്ത് നമ്പർ G2/60/2025-HEDN തീയതി 25.09.2025.

വായന (1), (2), (3) ഉത്തരവുകൾ പ്രകാരം ഓരോ വകുപ്പിലെയും യു ഡി ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ വ്യവസ്ഥനുസരണം യു ഡി ക്ലാർക്ക് / സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് നിയമനം നൽകുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. ഇത്തരത്തിൽ നിയമനം ലഭിക്കുന്ന ജീവനക്കാരുടെ ക്ലറിക്കൽ തസ്തികയിലെ സീനിയോറിറ്റി അവർക്ക് ക്ലാർക്ക് തസ്തികയിൽ നിയമനം നല്കിയ ഉത്തരവിൻറെ തീയതിയായിട്ടാണ് നിശ്ചയിക്കേണ്ടത് എന്ന് വായന (1) ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

വകുപ്പിന് കീഴിൽ 01.04.1988 മുതൽ നിയമനം ലഭിച്ച മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സീനിയോറിറ്റി നിർണയവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന കോടതി വ്യവഹാരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാരുടെ ഉദ്യോഗക്കയറ്റങ്ങൾ തടസപ്പെട്ടിരുന്നു. പ്രസ്തുത വിഷയത്തിൽ ബഹു: കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിരുന്ന OA No. 1728/2015 കേസിൽ ഉണ്ടായിരുന്ന തൽസ്ഥിതി ഉത്തരവിൻറെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക്

തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റ / തസ്തികമാറ്റ നിയമനങ്ങൾ നിർത്തിവയ്ക്കേണ്ടി വന്നിരുന്നു. പ്രസ്തുത കേസിൽ 01.09.2016 ൽ കോടതി വിധി പുറപ്പെടുവിച്ചെങ്കിലും ടി വിധി ന്യായത്തെ ചോദ്യം ചെയ്തുകൊണ്ട് ബഹു: കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന OP (KAT) No.156/2016, OP (KAT) No. 171/2016 നമ്പർ കേസുകളുടെ അടിസ്ഥാനത്തിൽ ബഹു: കോടതി വീണ്ടും തൽസ്ഥിതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി കേസുകളിൽ 18.01.2019 നാണ് ബഹു: കേരളാ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് അന്തിമ വിധി പ്രഖ്യാപിച്ചത്. ഇതിനിടയിൽ ബഹു: കോടതി ഉദ്യോഗക്കയറ്റം അനുവദിക്കുവാൻ 2017 ൽ ഇടക്കാല അനുമതി നൽകിയതിനെ തുടർന്നാണ് ഉദ്യോഗക്കയറ്റ നടപടികൾ ആരംഭിച്ചത്. പ്രസ്തുത കോടതി വ്യവഹാരങ്ങളുടെ ഫലമായി തൽസ്ഥിതി ഉത്തരവുകൾ നിലനിന്ന സാഹചര്യൽ 2015 മുതൽ 2017 വരെയുള്ള കാലയളവിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സമയ ബന്ധിതമായി പ്രൊമോഷൻ ഉത്തരവുകൾ പുറപ്പെടുവിക്കാൻ സാധിച്ചിരുന്നില്ല.

2017 ൽ ബഹു: കോടതി ഉദ്യോഗക്കയറ്റം അനുവദിക്കുവാൻ അനുമതി നൽകിയതിനെ തുടർന്ന് മേൽപ്പറഞ്ഞ ബഹു: ഡിവിഷൻ ബെഞ്ചിൻറെ ഉത്തരവിനും അതിനെ തുടർന്ന് ബഹു: സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന SLP(C) No. 21086/2019, SLP(C) No. 21087/2019 കേസുകളിലെ അന്തിമ വിധികൾക്കും വിധേയമായി വായന (4) മുതൽ (12) വരെ ഉത്തരവുകൾ പ്രകാരം വകുപ്പിന് കീഴിലെ ക്ലാർക്ക് / ടൈപ്പിസ്റ്റ് തസ്തികകളിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് നിയമനം നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവുകളിൽ ചുവടെ പറയുന്ന തരത്തിലുള്ള പരസ്പര വിരുദ്ധമായ പരാമർശങ്ങൾ വന്നിട്ടുണ്ട്.

1. വായന (4) പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് ആയി കേഡർ മാറ്റം ലഭിച്ച ജീവനക്കാരുടെ പേരിന് നേരെയുള്ള റിമാർക്സ് കോളത്തിൽ "Promoted from the cadre of typist" എന്നും അവരെ പ്രസ്തുത നിയമനത്തിന് പരിഗണിച്ച ഒഴിവ് നിലവിൽ വന്ന തീയതി മുതൽ നിയമനത്തിന് പ്രാബല്യമുണ്ട് എന്ന് വ്യാഖ്യാനിക്കുന്ന തരത്തിലും പരാമർശങ്ങൾ നടത്തിയിട്ടുണ്ട്.
2. വായന (5) മുതൽ (12) വരെ നടപടിക്രമങ്ങൾ പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് ആയി നിയമനം ലഭിച്ച ജീവനക്കാരുടെ പേരിന് നേരെയുള്ള റിമാർക്സ് കോളത്തിൽ "Typist cadre changed as Senior Clerk" എന്നു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവരെ പ്രസ്തുത നിയമനത്തിന് പരിഗണിച്ച ഒഴിവ് നിലവിൽ വന്ന തീയതി മുതൽ നിയമനത്തിന് പ്രാബല്യമുണ്ട് എന്ന് വ്യാഖ്യാനിക്കുന്ന തരത്തിൽ പരാമർശം നടത്തിയിട്ടുണ്ട്.
3. വായന (8) മുതൽ (1 0 ) വരെയുള്ള നടപടിക്രമങ്ങളിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് ആയി നിയമനം ലഭിച്ച ജീവനക്കാരുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി ബന്ധപ്പെട്ട ഉത്തരവ് തീയതി പ്രാബല്യത്തിലായിരിക്കും ക്രമപ്പെടുത്തുന്നത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ ഉത്തരവുകളിലെ പ്രസ്തുത പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ, ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് കേഡർ മാറ്റം ലഭിച്ച ജീവനക്കാരിൽ ചിലർ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് കേഡർ മാറ്റം മുഖാന്തിരം ലഭിച്ച നിയമനത്തിന് മുൻകാല പ്രാബല്യം അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെടുകയും അത് സംബന്ധിച്ചുള്ള നടപടികളിന്മേൽ മറ്റ് ജീവനക്കാരിൽ നിന്നും സർവീസ് സംഘടനകളിൽ നിന്നും നിരവധി പരാതികൾ ലഭിച്ചതിൻറെ അടിസ്ഥാനത്തിൽ, പ്രസ്തുത വിഷയം വിശദമായി പരിശോധിക്കുകയും അതിൽ നിന്നും ചുവടെ സൂചിപ്പിക്കുന്ന വസ്തുതകൾ ബോദ്ധ്യപ്പെടുകയുമുണ്ടായി.

1. ടൈപ്പിസ്റ്റ് തസ്തികയുടെയും ക്ലാർക്ക് തസ്തികയുടെയും ജോലി സ്വഭാവം വ്യത്യസ്തമായതിനാൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്കുള്ള കേഡർ മാറ്റം ഉദ്യോഗക്കയറ്റമായി കണക്കാക്കുവാൻ സാധിക്കുകയില്ല. പകരം തസ്തികമാറ്റം മുഖേനെയുള്ള നിയമനമായിട്ടാണ് കണക്കാക്കുന്നത്. കേരളാ സർവീസ് ചട്ടങ്ങളിലെ ഭാഗം 1 ചട്ടം 23 (c) പ്രകാരം വ്യത്യസ്ത ജോലിസ്വഭാവമുള്ള തസ്തികയിലേക്കുള്ള നിയമനത്തിന് മുൻകാല പ്രാബല്യം അനുവദിക്കുവാൻ വ്യവസ്ഥയില്ല.
2. യു ഡി / സീനിയർ ഗ്രേഡ് / സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികകളുടെ ഉദ്യോഗക്കയറ്റ തസ്തികയല്ല സീനിയർ ക്ലാർക്ക് തസ്തിക. അതുകൊണ്ട് തന്നെ പ്രസ്തുത ടൈപ്പിസ്റ്റ് തസ്തികകളിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് കേഡർ മാറ്റം ലഭിക്കുന്നവരുടെ സീനിയോറിറ്റി, കേരളാ സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് ചട്ടങ്ങൾ ഭാഗം 2 ലെ ചട്ടം 27(a) പ്രകാരം നിയമന ഉത്തരവ് തീയതിയുടെ അടിസ്ഥാനത്തിലെ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. ഒരു തസ്തികയിൽ നിന്നും അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയിലും നിയമന രീതിയിലും ജോലി സ്വഭാവത്തിലും തീർത്തും വ്യത്യസ്തമായ മറ്റൊരു തസ്തികയിലേക്ക് നിയമനം നല്കുമ്പോൾ നിയമന ഉത്തരവിൻറെ തീയതി / പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ നിയമനത്തിന് പ്രാബല്യം നല്കുവാൻ വ്യവസ്ഥയുള്ളൂ. കൂടാതെ പുതിയ തസ്തികയിൽ പ്രവേശിച്ച ശേഷം പ്രസ്തുത തസ്തികയിൽ വ്യവസ്ഥാനുസരണമുള്ള നിരീക്ഷണ കാലം പൂർത്തീകരിക്കേണ്ടതുമുണ്ട്.
3. ഈ വിഷയത്തിൽ KS&SSR ഭാഗം 2 ചട്ടം 5 ന്റെ കീഴിലെ കുറിപ്പ് (3) ലെ വ്യവസ്ഥയിൽ ഊന്നി സർക്കാരിൽ നിന്നും 02.12.2024 ലെ കത്ത് പ്രകാരം സ്പഷ്ടീകരണം തേടിയതിനെ തുടർന്ന് വായന (14) പ്രകാരം ലഭിച്ച മറുപടിയിൽ, 05.04.2013 ലെ G.O. (Ms) No. 8/2013/P&ARD പ്രകാരം വായന (3) ഉത്തരവിലെ ഉപ ഖണ്ഡിക (iii) റദ്ദ് ചെയ്തിട്ടുള്ളതായും (Government have examined the matter in detail and are pleased to order that condition No. iii, namely "the ratio of category change will be fixed in accordance with Note (3) under Rule 5(c) of Kerala State & Subordinate Service Rules 1958" occurring in the last para of the Government Order read as 2nd paper above stands cancelled with effect from 23.08.2012) ആയതിനാൽ കാറ്റഗറി മാറ്റത്തിന്റെ വിഷയത്തിൽ മേൽ ചട്ടവുമായി ബന്ധപ്പെടുത്തി പരിശോധിക്കേണ്ട ആവശ്യകതയില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിൽ നിന്നുള്ള വായന (15) കത്തിൽ മേൽപ്പറഞ്ഞ ഉദ്യോഗക്കയറ്റ ഉത്തരവുകളിലെ ടൈപ്പിസ്റ്റ് തസ്തികയിലെ date of effect of promotion എന്ന അപാകത പരിഹരിച്ച് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
4. മേൽപ്പറഞ്ഞ ഉദ്യോഗക്കയറ്റ / കേഡർ മാറ്റ നിയമനങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് നിയമനം നല്കിയ ജീവനക്കാർക്ക്, അവരുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ നിയമനത്തിന് മുൻകാല പ്രാബല്യം അനുവദിക്കുന്നതിന് മതിയായ കാരണങ്ങൾ ഒന്നും തന്നെയില്ല എന്നും പ്രസ്തുത ഉത്തരവുകളിൽ വന്ന വൈരുദ്ധ്യമായ പരാമർശങ്ങൾ പിശകായി സംഭവിച്ചതാണെന്നുമാണ് വ്യക്തമാകുന്നത്.

പരിശോധനയിൽ നിന്നും വ്യക്തമായ മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വായന (1) ഉത്തരവിലെ "The seniority of the Typist – Stenographers who got appointed as Clerks / Assistants will be fixed with reference to the date of order of their appointment as Clerks / Assistants as laid down in Rule 27 of the Kerala General Rules" എന്ന വ്യവസ്ഥക്ക് അനുസൃതമായി ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് കേഡർ മാറ്റം ലഭിച്ചവരുടെ നിയമനത്തിന് നിയമന ഉത്തരവ് തീയതി മുതൽ മാത്രമേ പ്രാബല്യം നല്കുവാൻ സാധിക്കു എന്നു വ്യക്തമായിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ഈ വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റ / കേഡർ മാറ്റ നിയമനങ്ങൾ നൽകിക്കൊണ്ട് പുറപ്പെടുവിച്ച വായന (4) മുതൽ (12) വരെ ഉത്തരവുകളിൽ;

i. വായന (4) നടപടിക്രമം പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് നിയമനം നല്കിയിട്ടുള്ള ജീവനക്കാരുടെ പേരിനു നേരെയുള്ള റിമാർക്സ് കോളത്തിൽ "Promoted from the cadre of typist" എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് "Appointed from the category of typist" എന്ന് ഭേദഗതി വരുത്തിക്കൊണ്ടും,

ii. വായന (4) മുതൽ (12) വരെ നടപടിക്രമങ്ങൾ പ്രകാരം പുറപ്പെടുവിച്ച ഉത്തരവുകളിൽ ജീവനക്കാരുടെ പേര് പരമർശിച്ചിരിക്കുന്ന പട്ടികയുടെ ശീർഷകത്തിൽ "date of effect of promotion" എന്ന് മാത്രം പരാമർശിച്ചിരിക്കുന്ന ഭാഗം "date of effect of promotion (applicable only for promoted candidates)" എന്ന് ഭേദഗതി വരുത്തിക്കൊണ്ടും,

iii. **വായന (4) മുതൽ (7) വരെയും, (11) മുതൽ (12) വരെയും നടപടിക്രമങ്ങൾ പ്രകാരം പുറപ്പെടുവിച്ച ഉത്തരവുകളിൽ, "ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് നിയമനം ലഭിച്ച ജീവനക്കാരുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി, സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് നിയമനം നല്കിയ ഉത്തരവ് തീയതി പ്രാബല്യത്തിലായിരിക്കും ക്രമപ്പെടുത്തുന്നത്" എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ചുകൊണ്ടും; ഇതിനാൽ ഉത്തരവാകുന്നു.**

**വായന (4) മുതൽ (12) വരെ നടപടിക്രമങ്ങൾ ഈ ഭേദഗതിയോടെ / പരിഷ്കരണത്തോടെ നിലനിൽക്കുന്നതാണ്.**

Signed by
Jayaprakash P
Date: 12-01-2026 10:33:46

JAYAPRAKASH P
DIRECTOR

പകർപ്പ്
1.ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കു (ഡി ടി ഇ ഔദ്യോഗിക വെബ് സൈറ്റ് വഴി)
2. ബന്ധപ്പെട്ട ജീവനക്കാർക്ക്(സ്ഥാപന മേധാവി മുഖേന)
3.സി എ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,ഡി ടി ഇ
4. സൂപ്രണ്ട് (ജീവനക്കാര്യം (ജി), ഡിടിഇ ഇ ഓഫീസ് മുഖേന
5. ഇ ഓഫീസ് കരുതൽ സഞ്ചയം